# മന്ത്രിസഭാ തീരുമാനങ്ങൾ

## (13.01.2010)

- കാരായ്മ കുടിയാന്മാരുടെ സൗകര്യാവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ചൂണ്ടിക്കാട്ടിയ പോരായ്മകൾ പരിഹരിച്ച് കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചു. ഇക്കാര്യത്തിനായി 1999 ൽ ഒരു ഭേദഗതി നിയമം കൊണ്ടുവന്നിരുന്നു. എന്നാൽ പ്രസ്തുത നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് ഹൈക്കോടതി പ്രഖ്യാപിക്കുകയുണ്ടായി. കാരായ്മ കുടിയാന്മാർ ഇപ്പോൾ അനുഭവിക്കുന്ന ദുരിതാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് സഹായകരമായ വിധത്തിലുള്ള ഭേദഗതിയാണ് ഭൂപരിഷ്ക്കരണ നിയമത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നത്.
- പട്ടികവർഗവിഭാഗം വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സിലേയ്ക്ക് അഡ്മിഷൻ ലഭിക്കുന്നതിനുള്ള മിനിമം മാർക്കിൽ ഇളവ് അനുവദിച്ചുകൊണ്ട് മന്ത്രിസഭ അംഗീകരിച്ച ഓർഡിനൻസ് ഇപ്പോൾ ബി.ഡി.എസ്. കോഴ്സിനുകൂടി ബാധകമാക്കിക്കൊണ്ട് പുതുക്കി പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു.
- 2009-2010, 2010-2011 വർഷങ്ങളിലെ മെയിന്റനൻസ് ഗ്രാന്റും വികസന ഫണ്ടും ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലുള്ള റോഡുകളുടെ അറ്റകുറ്റപണി ഈ സീസണിൽ തന്നെ ഏറ്റെടുത്ത് നടത്തുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചു.
- മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്താൻ തീരുമാനിച്ചു.
- അതിരപ്പള്ളി ജലവൈദ്യുത പദ്ധതിയുടെ അംഗീകാരം പിൻവലിക്കാതിരിക്കാൻ കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രഗവൺമെന്റ് നൽകിയ നോട്ടീസിന്റെ പശ്ചാത്തലത്തിൽ ഈ പദ്ധതി തുടങ്ങുന്നതിന് അനുമതി നൽകണമെന്ന് കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.
- തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സ് നിർമാണത്തിന് 56 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകാനും നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കുവാനും തീരുമാനിച്ചു.
- മാവേലിക്കര താലൂക്ക് ആശുപത്രിയിൽ 31 തസ്തികകൾ അനുവദിക്കാനും കിടക്കകളുടെ എണ്ണത്തിൽ നൂറിന്റെ വർദ്ധനവ് വരുത്താനും തീരുമാനിച്ചു.
- കരുനാഗപ്പള്ളി ടാങ്കർ ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച വീടുകൾക്കും കടകൾക്കും ദുരിതാശ്വാസം നൽകുന്നതിനായി 50 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിക്കുവാൻ തീരുമാനിച്ചു.
- ശബരിമല ദുരന്തത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതം സഹായം അനുവദിക്കണമെന്ന് ദേവസ്വംബോർഡിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

✲✲✲✲✲✲